STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.456/PR/SPMC/PHQ/2026 Date:30.09.2026

# പത്രക്കുറിപ്പ്

## വ്യാജ വാട്സ്ആപ്പ് അക്കൗണ്ടുകൾ വഴി സാമ്പത്തിക തട്ടിപ്പ്; ജാഗ്രത പാലിക്കണമെന്ന് കേരള പോലീസ്

പരിചയമുള്ളവരുടെ പേരും പ്രൊഫൈൽ ഫോട്ടോയും ദുരുപയോഗം ചെയ്ത് വ്യാജ വാട്സ് ആപ്പ് അക്കൗണ്ടുകൾ സൃഷ്ടിച്ച് അടിയന്തരമായി പണം ആവശ്യപ്പെടുന്ന സൈബർ തട്ടിപ്പിനെതിരെ ജാഗ്രത പാലിക്കുക.

'ഞാൻ ആശുപത്രിയിലാണ്', 'അടിയന്തരമായി പണം ആവശ്യമാണ്' തുടങ്ങിയ സന്ദേശങ്ങൾ അയച്ചുനൽകി പരിചയമുള്ള വ്യക്തിയുടെ പേരിലും ഫോട്ടോയിലും വിശ്വാസം സൃഷ്ടിച്ചാണ് തട്ടിപ്പുകാർ പണം ആവശ്യപ്പെടുന്നത്. വാട്സ്ആപ്പിലെ പേരും പ്രൊഫൈൽ ഫോട്ടോയും പരിചിതമാണെന്നത് കൊണ്ട് മാത്രം സന്ദേശം അയയ്ക്കുന്നത് യഥാർത്ഥ വ്യക്തിയാണെന്ന് ഉറപ്പിക്കരുത്.

### ജാഗ്രതാ നിർദ്ദേശങ്ങൾ

പേരും പ്രൊഫൈൽ ഫോട്ടോയും കണ്ട് പരിചയക്കാരാണ് പണം ആവശ്യപ്പെടുന്നതെന്ന് ഉറപ്പിക്കരുത്.

പണം അയയ്ക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട വ്യക്തിയെ നേരിട്ട് ഫോണിൽ വിളിച്ചോ വീഡിയോ കോൾ ചെയ്തോ വിവരം ഉറപ്പാക്കണം.

പെട്ടെന്നുള്ള ആശുപത്രി അല്ലെങ്കിൽ അടിയന്തരമായി പണം ആവശ്യപ്പെട്ടുള്ള സന്ദേശങ്ങളെ എപ്പോഴും സംശയത്തോടെ കാണുക.

പേരും ഫോട്ടോയും ശരിയാണെങ്കിലും സന്ദേശം അയച്ചിരിക്കുന്ന ഫോൺ നമ്പറിന്റെ വിശ്വാസ്യത പരിശോധിക്കണം.

ആവശ്യമെങ്കിൽ പണം ആവശ്യപ്പെട്ടയാളുടെ കുടുംബാംഗങ്ങളുമായി ബന്ധപ്പെട്ടും വിവരം സ്ഥിരീകരിക്കണം.

ഇത്തരത്തിലുള്ള സൈബർ സാമ്പത്തിക തട്ടിപ്പുകൾക്ക് ഇരയായാൽ വൈകാതെ തന്നെ 1930 എന്ന സൈബർ ഹെൽപ് ലൈൻ നമ്പറിലോ www.cybercrime.gov.in എന്ന ദേശീയ സൈബർ ക്രൈം പോർട്ടലിലോ പരാതി രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

****************************